# കാലടി ശബ്ദങ്ങൾ 2063

നിറങ്ങളുടെ മണമുള്ള കോണിപ്പടികൾ ഇറങ്ങിപ്പോകുമ്പോൾ ഓട്ടമത്സരത്തിൽ തോറ്റുപോയൊരു കുഞ്ഞിന്റെ മുഖഭാവമുണ്ടായിരുന്നു അവൾക്ക്. അവൾക്ക് പെട്ടെന്ന് അമ്മയെ ഓർമ്മവന്നു.

"എന്റെ സുപ്രിയേ... നീയ്യ് എന്ത പ്രാവശ്യാണ് ചവിട്ട്യേന്ന് അറിയ്യോ നെനക്ക്? അങ്ങനാണെ കുട്ട്യോൾടെ അച്ഛൻ പറയും ഞ് പെറന്നാ ഉറപ്പാ മുൾമുണ്ടിരിക്കുന്ന്."

സുധാകരന്റെ നോട്ടം കണ്ണിൽ തട്ടിയതറിഞ്ഞ് സുപ്രിയ ഒന്ന് ചിരിക്കാൻ ശ്രമിച്ചുകൊണ്ട് പറഞ്ഞു.

"എന്തൊരു പൊടിയാ. ഒന്നടിച്ചുവാരിക്കൂടെ?"

"നെനക്കെന്തിന്റെ കേടാ. താഴെ നിന്ന് വിളിച്ചാ ഞാൻ വരില്ലേ എന്തിനാപ്പൊ കേറി ബുദ്ധിമുട്ട്യേ?"

സുധാകരൻ അത് കേട്ടില്ലെന്നു വരുത്തി.

"പോവാൻ തീരുമാനിച്ചു ല്ലേ?"

എനിക്ക് നിന്നോട് എന്തിനേക്കാളും സ്നേഹമുണ്ട് എന്ന് പറയുന്നതുപോലെ സുപ്രിയക്ക് തോന്നി.

"പറഞ്ഞിട്ട് പോവാൻ വന്നതാ. കണ്ടില്ലേല് തെറ്റില്ലേ."

"എനിക്കറിയാം നീ പോവൂന്ന്."

"പോവണ്ടാന്നാണോ?"

"അല്ല."

"പിന്നെ?"

"കണ്ണുകലങ്ങി തിരിച്ചെന്തെങ്കിലും പറയണംന്ന് തോന്നി."

"20."

ചായം വീണ് വൃത്തികേടായ ഷർട്ടിന്റെ പോക്കറ്റിൽ നിന്ന് സുധാകരൻ കുറച്ച് നോട്ടെടുത്തു നീട്ടി. സുപ്രിയ അത് വാങ്ങി തന്നെപ്പടി ബാഗിലിട്ടു. ഉച്ചഭക്ഷണം എടുത്തു-

വച്ച സ്ഥലം കൃത്യമായി പറഞ്ഞുകൊടുത്ത് ബസ്സ്റ്റാന്റ് ലക്ഷ്യമാക്കി നടന്നു. അപ്പോഴും അവൾക്കുറപ്പുണ്ടായിരുന്നു ചായങ്ങൾ പാടുവീഴ്ത്തിയ ഒരു ജന്മത്തിന്റെ ആ പടികൾക്കു മുകളിൽ തന്നെ നോക്കിനിൽപ്പുണ്ടെന്ന്.

വിയർപ്പിന്റെ മണമുള്ള പത്തുരൂപാ നോട്ട് കണ്ടക്ടർക്ക് നീട്ടുമ്പോൾ സുപ്രിയയുടെ ഹൃദയം വല്ലാണ്ട് മിടിച്ചു. ഒരു വിധം അവൾ പറഞ്ഞൊപ്പിച്ചു.

“നിലയ ഓൾഡ്സ്റ്റാന്റ് ഫോറം”.

ബാക്കി തന്ന ചില്ലറത്തുട്ടുകൾ കയ്യിൽ മുറുക്കി പിടിച്ചു. ഒരു ദിവസത്തിലെ കടന്നു പോയ [illegible] ഏതാനും മണിക്കൂറുകൾ അവളെ വല്ലാണ്ട് ക്ഷീണിപ്പിച്ചതായി അവൾക്ക് തോന്നി. സഹോദരന്മാരെ എതിർത്ത് സുധാകരന്റെ ഭാര്യയായപ്പോഴും അച്ഛന്റെ ചോദ്യങ്ങൾക്കു മുമ്പിൽ പതറാതെ നിന്നപ്പോഴും സുപ്രിയ ഇത്രയൊന്നും തളർന്നിട്ടില്ല.

കണ്ണടച്ചിരിക്കാൻ ഒരു ശ്രമം നടത്തിനോക്കി. അതും പരാജയം. ആരോ കഴുത്തുപിടിച്ച് തിരിക്കും പോലെ ബസ്സ് ഒരു വളവു തിരിഞ്ഞു. സുപ്രിയക്ക് ചർദ്ദിക്കും പോലെ തോന്നി. വൈകിയിട്ടൊന്നുമില്ല. തിരിച്ചും ബസ്സുള്ള സമയമാണ്. നീ പോയി കണ്ടില്ലെ എന്ന് സുധാകരൻ ഒരിക്കലും ചോദിക്കുകയുമില്ല. മനസ്സിന് വല്ലാത്ത ചോർച്ചയുണ്ടെന്ന് സുപ്രിയക്ക് തോന്നി. സുധാകരൻ കൂടെയുണ്ടായിരുന്നെങ്കിൽ നന്നായിരുന്നു, എന്നവൾ പലകുറി പറഞ്ഞു. ~~നോക്കി~~

“ഇറങ്ങുന്നില്ലേ?”

ഡോറിൽ തട്ടി ആ ചെറുക്കൻ ദേഷ്യപ്പെട്ടപ്പോഴാണ് സുപ്രിയ കാലമുരുളുന്നതെന്ന് മനസ്സിലാക്കിയത്. പറന്നകലുന്ന പൊടിപടലങ്ങൾക്കിടയിൽ അവളെ തനിച്ചാക്കി ആ വണ്ടി അകന്നകന്ന് പോയി.

ചരലുകളെ ചവിട്ടിമെതിക്കുമ്പോൾ അമ്മയെ വേദനിപ്പിച്ച ശുണ്ഠിക്കാരിയായ കുട്ടിയുടെ കാൽപ്പാടുകൾ സുപ്രിയക്ക് കാണാൻ സാധിച്ചു. മതിലുകൾകൊണ്ട്

വരിഞ്ഞുകെട്ടിയ കോൺക്രീറ്റ് കെട്ടിടത്തിൽ അതിരുകളില്ലാത്ത പറന്നു നടക്കുന്ന ഒത്തിരി ഹൃദയങ്ങളുണ്ടെന്നോർത്തപ്പോൾ സുപ്രിയക്ക് പേടി തോന്നി. അമ്മ പറഞ്ഞ കഥകളിൽ മാത്രം പരിചയമുള്ള ഭൂതത്തിന്റെ മുൻപിൽ പെട്ടൊരു പത്തുവയസ്സു-കാരിയായിപ്പോയി സുപ്രിയ പെട്ടെന്ന്.

"നിലയ."

ചുവന്ന നിറംകൊണ്ട് കവാടത്തിലെഴുതിയ ആ മൂന്നക്ഷരങ്ങൾ-ക്ക് സുപ്രിയയെ വിഴുങ്ങാനുള്ള വലിപ്പമുണ്ടായിരുന്നു. മുഖ്യ-നോക്കി നടത്തിപ്പുകാരി സിസ്റ്റർ മറിയാമ്മയുടെ മുറിയിലെ ചെറിയ കസേരയിലിരിക്കുമ്പോഴും സുപ്രിയ അറിയാതെ പറഞ്ഞു പോയി സുധാകരൻ കൂടെയുണ്ടായിരുന്നെങ്കിൽ എന്ന്. ഭയമോ സന്തോഷമോ എന്ന് വേർതിരിക്കാൻ സിസ്റ്റർക്ക് അവസരം കൊടുക്കാത്ത ഭാവമായിരുന്നു കാണുവാനുള്ള അനു-വാദം ലഭിച്ചപ്പോൾ സുപ്രിയയ്ക്കുണ്ടായിരുന്നത്.

വിസിറ്റിംഗ് റൂമിൽ തന്നെ തനിച്ചാക്കിപ്പോയ വേലക്കാരി-യോട് സുപ്രിയക്ക് എന്തെന്നില്ലാത്ത അമർഷം തോന്നി. എങ്കിലും ആ നിഴൽ തന്നെ ലക്ഷ്യമാക്കി നടന്നു വന്നപ്പോൾ കൂടെമറ്റാരും ഉണ്ടാകരുതേയെന്ന് സുപ്രിയ പ്രാർത്ഥിച്ചു.

നരച്ച മുടിയുള്ള, കുറിയ ആ സ്ത്രീ മുന്നിൽവന്നു നിന്ന-പ്പോൾ എന്തുപറയണമെന്നോർത്ത് സുപ്രിയയുടെ നാക്കു വരണ്ടു. എന്തു പറയണം? ചോദ്യങ്ങൾ ഒന്നൊന്നായ് പത്തി വിടർത്തി. കൂടെ പോരാമെന്നോ? ഞാൻ നോക്കിക്കോളാമെന്നോ? എന്നെ മറന്നുപോയോ എന്നോ? സുപ്രിയക്ക് തന്റെ ആവശ്യങ്ങളും പരാതികളും പറയാൻ ഈ വാക്കുകളൊന്നും തികയുകയില്ല. ശാന്തമായി ഒഴുകിക്കൊ-ണ്ടിരുന്ന മൗനത്തിലേക്ക് ഒരു കല്ലെടുത്തെറിഞ്ഞപോലെ ആ വൃദ്ധതന്നെ ആദ്യം സംസാരിച്ചു.

"എനിക്കിവിടെ സുഖമാണ്. ഇന്നല്ലെങ്കിൽ നാളെ നീ എത്തുമെന്നെനിക്ക് ഉറപ്പുണ്ടായിരുന്നു. എനിക്ക് നിന്നോട് പരിഭവമൊന്നുമില്ല."

അമ്മ വല്ലാണ്ട് മാറിപ്പോയതായി സുചിയ്ക്ക് തോന്നി. ഒരു മകൾ എന്ന സ്വാതന്ത്ര്യത്തോടെ അവളും സംസാരിക്കാൻ തീരുമാനിച്ചു.

"അമ്മ. എനിക്ക് നിങ്ങളോട് സ്നേഹമേ ഉള്ളൂ".

പറയാനുദ്ദേശിച്ചതെന്തോ അതൊന്നാവൾക്ക് ധൈര്യം വന്നു. എങ്കിലും പറഞ്ഞതിതാണ്.

"നീ എന്റെ മകളാണ്. നിന്നോടെനിക്ക് സ്നേഹം മാത്രമേ ഉള്ളൂ. നിന്റെ ഏട്ടന്മാർ എന്നെ ആഴ്ചയിലൊരിക്കൽ വിളിക്കും. ഈ ആഴ്ച എന്നെ കിട്ടിയില്ലെങ്കിൽ എന്തു വിചാരിക്കും. അതുകൊണ്ട് നീ എന്നെ ഒരിക്കലും നിന്റെ കൂടെ വരാൻ മാത്രം നിർബന്ധിക്കരുത്."

കൂപ്പിയ കൈകളുമായി ദൂരേക്കകലുന്ന സ്ത്രീയെ നോക്കി. അമ്മേ നിങ്ങളോട് ഞാനെന്തു പിഴച്ചു. എന്റെ കൂടെ വരില്ലേ. എന്നെ തനിച്ചാക്കി പോവുകയാണോ എന്നൊക്കെ ചോദിച്ചു കരയാൻ സുചിയ്ക്ക് മോഹം തോന്നി. ~~എന്ന് പക്ഷേ~~ 'സൈലൻസ് പ്ലീസ്' എന്നെഴുതിവച്ച ആ വലിയ മുറിയിലെ ചെറിയ ബോർഡ് അവൾ എപ്പോഴേ ശ്രദ്ധിച്ചിരുന്നു.

ഇത്തിരി ദൂരം നടന്നശേഷം ആ രൂപം സുചിയയ്ക്ക് നേരെ തിരിയുന്നതവളറിഞ്ഞു.

"മരിക്കും മുമ്പേ, അച്ഛൻ പറഞ്ഞു നിന്നോട് ദേഷ്യല്ലാന്ന് കാണുമ്പോ പറയാൻ".

പുറത്തു ചാടാൻ വെമ്പുന്ന വികാരങ്ങളെ ഉള്ളിലൊതുക്കിയ രണ്ട് ഹൃദയങ്ങൾ ആ കെട്ടിടത്തിനുള്ളിലുണ്ടെന്ന സത്യം ~~ആരെങ്കിലും~~ പുറത്താരുമറിഞ്ഞില്ല. നിമിഷങ്ങൾക്കുള്ളിൽ അതിലൊരു ഹൃദയം വലിയ മതിലുകളെയും നിശബ്ദതയെയും പിന്നിലാക്കി റോഡിൽ എത്തുകയും ആളും ബഹ

ബസ്സിൽ തനിയെ യാത്രയും ചെയ്തു.

ആ കോണിപ്പടികൾക്കു മുകളിൽ സുധാകരൻ കാത്തിരിക്കുന്നുണ്ടാവും എന്ന പ്രതീക്ഷയാണ് പുറത്തു പരന്ന ഇരുട്ടിലും സുചിത്ര ഭയപ്പെടാതെ ഇരുന്നത്. ബസ്സ് ഒരു വളവു തിരിഞ്ഞു ചെറുതായൊന്നു കുലുങ്ങി. അവൾക്ക് ആരെയാണെന്നോ പഴിക്കണമെന്ന മോഹമുണ്ടായി കൂടെ വരാത്ത സുധാകരനെ, ഇതിനെല്ലാം വഴിയൊരുക്കിയ കണ്ണെത്താ ദൂരത്തു കിടക്കുന്ന തന്റെ രണ്ടു സഹോദരന്മാരെ, എന്തിനേറെ അമ്മയെ നിർബന്ധിക്കാത്ത തന്നോടുപോലും അവൾക്ക് വെറുപ്പു തോന്നി. വണ്ടി വീണ്ടുമൊന്നു കുലുങ്ങിയെന്നവൾക്ക് തോന്നി. പരക്കുന്ന ഇരുട്ടിൽനിന്നും മറനീക്കി ഒരു രഹസ്യം ഇഴഞ്ഞു വന്നു. സുചിത്ര കൈകൾ തന്റെ ഉദരത്തിൽ വെച്ചു. കേൾക്കുന്നു, ഏതോ മുൻജന്മക്കാരിയുടെ ചവിട്ടുകൾ.